**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1335** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഡയറ്റിലെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഡയറ്റിലെ അധ്യാപക തസ്തികകളിൽ നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഡയറ്റ് അദ്ധ്യാപകർ തങ്ങളെ ഡയറ്റ് ലക്ചറർ തസ്തികയിൽ ക്രമീകരിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് 702/2021 നമ്പറായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഒ.എ. യിലെ 25.03.2021 ലെ ഉത്തരവു പ്രകാരം 89 ലക്ചറർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നിലവിൽ ഡയറ്റിലെ അധ്യാപക നിയമനം ഡെപ്യൂട്ടേഷൻ മുഖാന്തിരം ആണോ നൽകുന്നത്; വ്യക്തമാക്കാമോ; | (ബി) | 2011 ൽ നിലവിൽ വന്ന ഡയറ്റ് സ്പെഷ്യൽ റൂളിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ ഡയറ്റുകളിൽ സ്ഥിരനിയമനം നടത്തുവാൻ സാധിച്ചിരുന്നില്ല. ഡയറ്റ് ലക്ചറർ തസ്തികകളിൽ ഏകദേശം 150 ഒഴിവുകൾ നിലനിന്നിരുന്നതിനാൽ ഡയറ്റിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായും കാര്യക്ഷമമായും നടത്തുന്നതിലേയ്ക്കായി യോഗ്യരായ 143 ഗവ. സ്കൂൾ അദ്ധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ 16.11.2018 ലെ സ.ഉ.(സാധാ) നം.4788/2018/പൊ.വി.വ പ്രകാരം ഡയറ്റ് ലക്ചറർമാരായി നിയമിച്ചുത്തരവാകുകയും ചെയ്തു. പ്രസ്തുത ഡയറ്റ് ലക്ചറർമാരുടെ നിയമനരീതി 10.08.2020ലെ സ.ഉ.(സാധാ)നം.2401/2020/ പൊ.വി.വ പ്രകാരം കെ.എസ്& എസ്.എസ്.ആർ ചട്ടം 9(ബി) പ്രകാരമാക്കി മാറ്റിയിരുന്നു. നിയമനം ലഭിച്ച 143 അദ്ധ്യാപകരിൽ 98 പേർ ഇപ്പോഴും ലക്ചററായി സേവനമനുഷ്ഠിച്ച വരുന്നു. ഡയറ്റ് പുതുക്കിയ വിശേഷാൽ ചട്ടം നിലവിൽ വന്നതിനാൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | തസ്തികമാറ്റം മുഖേന ഡയറ്റിൽ അധ്യാപക നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള | (സി) | പുതുക്കിയ സ്പെഷ്യൽറൂൾ പ്രകാരം ലക്ചറർ തസ്തികകളിലെ ഒഴിവുകളിൽ 50% നേരിട്ടുള്ള |

| | | | |
|---|---|---|---|
| | അനുപാതം പാലിക്കുന്നുണ്ടോ; | | നിയമനവും 50% തസ്തികമാറ്റം വഴിയുമാണ് നികത്തേണ്ടത്. |
| (ഡി) | നേരിട്ടുള്ള അധ്യാപക നിയമനങ്ങൾക്കായി എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ചോദ്യം (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ